www.malankaralibrary.com


# സഭയും യുവജനങ്ങളും : ഇന്നത്തെ പ്രതിസന്ധികൾ

*ഡോ.കെ.എം.ഫ്രാൻസീസ്*

ഏതൊരു സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും ഭാവി നിർണ്ണയിക്കപ്പെടുന്നത് ആ രാഷ്ട്രത്തിലെ ജനസംഖ്യയിലെ യുവാക്കളുടെ അനുപാതമാണ്. ചൈന, ജപ്പാൻ അനുപാതം മുതലായ രാഷ്ട്രങ്ങളുടെ മൊത്തം ജനസംഖ്യയിൽ വൃദ്ധന്മാരുടെ അനുപാതം കൂടുകയും യുവാക്കളുടെ അനുപാതം കുറയുകയും ചെയ്യുന്നുവെന്നതാണ് അവർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഈ പ്രതിസന്ധി തന്നെയാണ് ഒരു സമൂഹം എന്ന നിലയിൽ കത്തോലിക്കാ സഭ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. സഭയുടെ പ്രവർത്തനങ്ങളിൽ പങ്കു ചേരുന്ന ജനങ്ങളുടെ എണ്ണം പരിശോധിച്ചാൽ സ്ത്രീകളുടെയും, പ്രായമാവരുടെയും അനുപാതം വർദ്ധിക്കുകയും യുവാക്കളുടെ എണ്ണം കുറയുകയും ചെയ്യുന്നു. ഈ സ്ഥിതി തുടർന്നാൽ ചൈന, ജപ്പാൻ എന്നീ രാജ്യങ്ങളിലെ സാമൂഹിക ഘടനയിൽ കാണുന്ന പ്രതിസന്ധി കത്തോലിക്കാ സഭയിലും ഉടലെടുക്കും.

## പ്രവർത്തിക്കാൻ ലക്ഷ്യമേത്?

എന്തുകൊണ്ടാണ് യുവജനങ്ങളുടെ പങ്കാളിത്വം സഭയിൽ നിന്ന് കുറഞ്ഞു പോകുന്നത്? അതിൽ ആദ്യത്തെ കാരണം പ്രവർത്തിക്കാനുള്ള ലക്ഷ്യം ചൂണ്ടിക്കാണിക്കാൻ സഭാ നേതൃത്വത്തിന് കഴിയുന്നില്ല എന്നതാണ്. ഇത്തരത്തിൽ സഭാ നേതൃത്വത്തെ മാത്രം കുറ്റപ്പെടുത്തുന്നത് എന്തുകൊണ്ടാണ്? സഭയിലെ അധികാരവും, സമ്പത്തും, അറിവിന്റെയും, ആത്മീയതയുടെയും കുത്തകയും സ്വയം അവകാശപ്പെടുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വവും ഏറ്റെടുക്കണം. അധികാരം ഇല്ലാത്തവനിൽ ഉത്തരവാദിത്വം ആരോപിക്കരുത്.

എന്ത് തെറ്റാണ് സഭ ചെയ്യുന്നത്? ഇക്കാര്യത്തിൽ യുവാക്കൾക്ക് ജീവിത ലക്ഷ്യം ചൂണ്ടിക്കാണിക്കുന്നതിൽ സഭ പരാജയപ്പെടുന്നു എന്നതാണ് ഈ തെറ്റ്. രണ്ട് അവസരങ്ങൾ അനുഭവത്തിൽ നിന്ന് ചൂണ്ടികാണിക്കാം. ഒരിക്കൽ ഒരു രൂപതയിലെ നാനൂറോളം വരുന്ന വിദ്യാർത്ഥികൾ രൂപതാ ആസ്ഥാനത്ത് ഒരുമിച്ച് കൂടി. മതബോധനത്തിൽ ഉന്നത ബിരുദം നേടിയവരെ ആദരിക്കാനാണ് പ്രസ്തുത ചടങ്ങ് സംഘടിപ്പിച്ചത്. അതിൽ എഞ്ചിനീയർമാർ, ഡോക്ടർമാർ, ഗവേഷണ വിദ്യാർത്ഥികൾ, പത്രപ്രവർത്തകർ തുടങ്ങിയ അനേകം യുവാക്കളുണ്ട്. ആ പരിപാടി നടത്തുന്നതിനിടയിൽ അഭിവന്ദ്യ പിതാവിനോടും, മതബോധന ഡയക്ടറോടും അവർ

www.malankaralibrary.com


ഒരു ചോദ്യം ഉന്നയിച്ചു. ഞങ്ങൾ ഉന്നതമായ ഭൗതീക വിദ്യാഭ്യാസവും, വിശ്വാസ പരിശീലനത്തിന്റെ ഉന്നത ബിരുദം നേടി. ഇനി ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? സഭയുടെ പ്രവർത്തനത്തിൽ എങ്ങിനെയാണ് ഞങ്ങൾ സഹകരിക്കേണ്ടത്? ഇടവക വികാരിയുടെ നിർദ്ദേശാനുസരണം, ഇടവകയിലും, കുടുംബ കൂട്ടായ്മാ യൂണിറ്റുകളിലും, ഭക്ത സംഘടനകളിലും സജീവമായി പ്രവർത്തിക്കുക എന്നല്ലാതെ മറ്റൊരു ലക്ഷ്യവും നൽകാൻ മതബോധന ഡയറക്ടർക്ക് കഴിഞ്ഞില്ല. ഇടവകയ്ക്ക് പുറത്ത് മറ്റൊരു ലോകമുണ്ടോ? അവിടെ ക്രൈസ്തവന് ചെയ്യാൻ ദൗത്യമുണ്ടോ? ആ ദൗത്യം എന്താണ്? അത് ചെയ്യാനുള്ള കഴിവ് പ്രദാനം ചെയ്യാൻ ഉതകുന്ന പരിശീലനം നൽകാൻ സഭയ്ക്കു കഴിയുമോ?

മറ്റൊരവസരത്തിൽ സീറോ മലബാർ സഭാ കാര്യാലയത്തിലേയ്ക്ക് കേരളത്തിലെ വിവിധ കലാലയങ്ങളിലെ യുവ അധ്യാപകരെ ക്ഷണിച്ചു വരുത്തി. അവരോട് നല്ല അധ്യാപകരാകണം, നല്ല സ്വഭാവമുണ്ടാകണം എന്ന കുറേ ഉപദേശങ്ങൾ നൽകി തിരിച്ചയച്ചു. നല്ല അധ്യാപകരാകാൻ ഉപദേശം നൽകേണ്ട ആവശ്യമില്ല. ഒരു അധ്യാപകനാകാൻ അവസരം ലഭിച്ച യുവാവിന് ക്രൈസ്തവനെന്ന നിലയിൽ ക്രിസ്തുവിൽ ലോകത്തെ നവീകരിക്കാൻ എന്ത് അധിക ജോലിയാണ് ചെയ്യേണ്ടത് എന്ന് ചൂണ്ടിക്കാണിക്കാൻ എന്ത് ലക്ഷ്യമാണ് സഭയ്ക്ക് നിർദ്ദേശിക്കാനുള്ളത്? ഏറ്റവും ചുരുങ്ങിയ തോതിൽ ആത്മായന്റെ ലോകത്തിലെ ദൗത്യമെന്നത് സാമൂഹിക ജീവിതത്തിലും സാംസ്കാരിക, രാഷ്ട്രീയ മണ്ഡലത്തിലും, ക്രൈസ്തവ മൂല്യങ്ങൾ സന്നിവേശിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കലാണെന്ന് ഉദ്ബോധിപ്പിക്കാൻ പോലും കഴിയാത്തതാണ് ലക്ഷ്യബോധമില്ലാത്ത യുവതലമുറയായി സഭയിലെ യുവജനസംഘടനാ നേതാക്കൾ മാറിയതിന്റെ ഒരു പ്രധാന കാരണം.

**യുവജനങ്ങളോടുള്ള ആത്മാർത്ഥത**

സഭാധികാരികളുടെ പ്രഭാഷണങ്ങൾ കേട്ടാൽ യുവജനങ്ങൾക്കുവേണ്ടി ഈ പ്രഭാഷകർ ആത്മഹുതി വരെ ചെയ്യുമെന്ന് കേൾക്കുന്നവർക്ക് തോന്നും. എന്നാൽ ഒരുവന് ഒരു കാര്യത്തോട് ആത്മാർത്ഥയുണ്ടെന്ന് എങ്ങിനെയാണ് അളക്കുവാൻ കഴിയുക? ഉദാഹരണമായി ഇന്ത്യാരാജ്യം വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നുവെന്ന് പ്രധാനമന്ത്രി പാർലിമെന്റിൽ പ്രഖ്യാപിച്ചുവെന്ന് കരുതുക. ഇക്കാര്യത്തിൽ പ്രധാനമന്ത്രിയ്ക്കുള്ള ആത്മാർത്ഥത തിരിച്ചറിയണമെങ്കിൽ കേന്ദ്ര ബഡ്ജറ്റിൽ വിദ്യാ

www.malankaralibrary.com


ഭ്യാസത്തിന് മാറ്റിവെയ്ക്കുന്ന തുകയുടെ ശതമാനം പരിശോധിക്കണം. കേന്ദ്ര ബഡ്ജറ്റിൽ എന്ത് വിഭാഗത്തിനുവേണ്ടിയാണോ ഒരു രാജ്യം കൂടുതൽ പണം ചിലവഴിക്കുന്നത്, അതിൽ നിന്ന് ആ രാജ്യത്തിന്റെ യഥാർത്ഥ ലക്ഷ്യം വ്യക്തമാകും. ഒരു വ്യക്തിയുടെ കാര്യത്തിലും, കുടുംബത്തിന്റെ കാര്യത്തിലും സംഘടനയുടെ കാര്യത്തിലും ഇക്കാര്യം സത്യമാണ്. ഒരു രൂപതയുടെ വാർഷിക ബഡ്ജറ്റിന്റെ എത്ര ശതമാനം തുക യുവജനങ്ങളെ പരിശീലിപ്പിക്കാൻ ചിലവഴിയ്ക്കുന്നുവെന്ന കണക്ക് പരിശോധിച്ചാൽ യുവജനങ്ങളോടുള്ള സഭാധികാരികളുടെ ആത്മാർത്ഥത മനസ്സിലാകും. ഇക്കാര്യത്തിൽ എന്റെ ഇടവകയുടെ കണക്ക് പരിശോധിച്ചാൽ കഴിഞ്ഞ പത്ത് വർഷത്തിൽ 15 കോടി രൂപ കെട്ടിടനിർമ്മാണത്തിന് ഉപയോഗിച്ചപ്പോൾ ഒറ്റപൈസപോലും യുവജനപരിശീലനത്തിന് ഉപയോഗിച്ചിട്ടില്ല. അതുകൊണ്ട് ഞങ്ങളുടെ ഇടവകയുടെ പ്രവർത്തനത്തിൽ ഇഷ്ടം പോലെ എയർകണ്ടീഷൻസ് കെട്ടിടങ്ങളുണ്ട്, പക്ഷെ യുവാക്കളില്ല.

**തുല്യരായി പരിഗണിക്കുക, യുക്തിപൂർവ്വം സംവദിക്കുക.**

സഭയിൽ യുവാക്കൾ അകന്നുപോകുന്നതിന്റെ മറ്റൊരു കാരണം വൈദികരും യുവാക്കളും തമ്മിലുള്ള ബന്ധത്തിൽ വരുന്ന പ്രശ്നങ്ങളാണ്. ഒരു മനുഷ്യൻ ശൈശവാവസ്ഥയിൽ നിന്ന് വാർദ്ധക്യത്തിലേയ്ക്കുള്ള വളർച്ചയിൽ വ്യത്യസ്ത ഘട്ടങ്ങളിൽ അവന് ആവശ്യമായത് വ്യത്യസ്ത സമീപന രീതികളാണ്. ശൈശവത്തിൽ കുട്ടികളെ ലാളിക്കണം, കൗമാരത്തിൽ കുട്ടികളോട് വൈകാരിക ബന്ധം പുലർത്തണം, യുവത്വത്തിൽ അവരെ വിലമതിക്കണം, പ്രായമായവരെ ബഹുമാനിക്കണം.

യുവത്വത്തിലുള്ളവരെ എങ്ങിനെ വിലമതിയ്ക്കും? മാതാപിതാക്കളോട് മക്കളെ തുല്യരായി പരിഗണിക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു. ഇക്കാര്യം വൈദീകർക്ക് ബാധകമാണോ? യുവാക്കളുടെ അഭിപ്രായങ്ങളെ വൈദികർ വിലവെയ്ക്കാറുണ്ടോ? ഒരു തെറ്റ് കണ്ടാൽ നിലവിലുള്ള സംഘടനയെ പിരിച്ചുവിടാൻ വൈദികർക്ക് ആരാണ് അധികാരം നൽകിയത്? ഒരു യുവാവിന് അവനർഹിക്കുന്ന അംഗീകാരവും മൂല്യവും നൽകിയില്ലെങ്കിൽ അവൻ വ്രണിതനാകും. അവന്റെ അപ്പനും അമ്മയും അവനെ വിലയിടിച്ച് സംസാരിച്ചാൽ തന്നെ അവന്റെ ആത്മാഭിമാനം (Self Esteem) നഷ്ടപ്പെടും. ആത്മാഭിമാനമില്ലാത്ത യുവാക്കൾ കുടുംബത്തെ ഉപേക്ഷിക്കും. ഇക്കാര്യം വൈദികർ ചെയ്താലും അവർസഭയെ ഉപേക്ഷിക്കും.

www.malankaralibrary.com


യുവത്വത്തിൽ അവൻ അന്വേഷിക്കുന്നത് യുക്തിയാണ്. യുക്തിപൂർവ്വകമായി യുവാക്കളുമായി സംവദിക്കാൻ സഭയിൽ ആരാണ് പരിശ്രമിക്കുന്നത്.? കല്പനകൾ അനുസരിക്കാൻ മാത്രമുള്ള ദാസന്മാരായി യുവാക്കളെ പരിഗണിച്ചാൽ അവർ അസ്വസ്ഥരാകും. ഈ അവസ്ഥയാണ് പഴയകാല യുവജന നേതാക്കൾ മുഴുവൻ ഒരു പ്രത്യേക കാലഘട്ടം കഴിഞ്ഞാൽ സഭയെ എതിർക്കുന്നവരായി മാറിയത്.

ഇടവകയിൽ വരുന്ന യുവജനങ്ങളെല്ലാം യേശുവിനെപ്പോലെ പരിശുദ്ധരാകണമെന്ന് ശഠിക്കരുത്. അവരിൽ പ്രാർത്ഥിക്കാത്തവരുണ്ടാകാം. പലതെറ്റുകൾ ചെയ്യുന്നവരുണ്ടാകാം. ഇതെല്ലാം അറിയുമ്പോൾ അവരെ ശപിച്ചു തള്ളുകയാണോ ചെയ്യേണ്ടത്. ഇത്തരത്തിലുള്ള മക്കളെയാണ് പല മാതാപിതാക്കളും ക്ഷമയോടെ കാത്തിരുന്ന് നല്ല മനുഷ്യരായി മാറ്റിയെടുക്കുന്നത്. വികാരിയച്ചന്മാർ ഇത് മാതൃകയായി സ്വീകരിക്കണം. സ്വന്തം അഭിപ്രായം തന്നെ മറ്റുള്ളവർ നടപ്പിലാക്കണമെന്ന ശാഠ്യം വിശുദ്ധിയ്ക്ക് എതിരാണെന്ന് ഫ്രാൻസീസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നു.

**ആർക്കാണ് യുവാക്കളുമായി ബന്ധപ്പെടാൻ കഴിയുക?**

യഥാർത്ഥത്തിൽ യുവാക്കളെ സഭയുമായി സഹകരിച്ച് പ്രവർത്തിക്കാൻ പ്രേരണ നൽകാൻ കഴിയുക യുവവൈദീകർക്കാണ്. സഭയോടുള്ള ബന്ധം വളർത്താൻ എന്നെ സഹായിച്ചത് എന്റെ 17 വയസ്സിനും 20 വയസ്സിനുമിടയിൽ ഞങ്ങളുടെ ഇടവകയിൽ സേവനം ചെയ്ത യുവ വൈദീകരാണ്. യുവവൈദീകർക്കുമാത്രമെ യുവാക്കളുമായി സംവദിക്കാൻ കഴിയും. അന്ന് അധികാരത്തിന്റെ സ്വരം ഉപയോഗിക്കുന്നവർ കുറവായിരുന്നു. ഇന്നാകട്ടെ അധികാരത്തിന്റെ സ്വരം കൂടുതൽ ഉപയോഗിക്കുന്നു. അധികാരത്തിന്റെ സ്വരത്തെ യുവാക്കൾ വെറുക്കുന്നു. സ്നേഹത്തിന്റെ സ്വരത്തെ യുവാക്കൾ വിലമതിക്കുന്നു.

**ഇനിയെന്ത്?**

സഭയിലെ ഇന്നത്തെ യുവജന സംഘടനകളുടെ ലക്ഷ്യത്തെ പുനർനിർവചിക്കുകയും തദനുസരണം യുവജന സംഘടനകളെ പുനസംഘടിപ്പിക്കാനും സഭാനേതൃത്വത്തിന് കഴിയണം. ഉദാഹരണമായി ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് ജീസസ് യൂത്ത്. ഈ സംഘടനയുടെ ലക്ഷ്യം തന്നെ സുവിശേഷവൽക്കരണമാണ്. സുവിശേഷത്തിന്റെ സാമൂഹിക ലക്ഷ്യം പ്രഘോഷിക്കുക എന്നതാണ് ആത്മായ സംഘടനയെന്ന നിലയിൽ അവർ പ്രധാന്യം നൽകേണ്ടത്. സുവിശേഷത്തിന് ഒരു സാമൂഹ്യലക്ഷ്യമുണ്ടെന്ന് പരിശുദ്ധ പിതാക്കന്മാർ കഴിഞ്ഞ 125 വർഷമായി ആവർത്തിക്കുന്നു. എന്നാൽ ഇത്തരം ഒരു ലക്ഷ്യം ഒരു യുവജന സംഘടനയും സ്വന്തമാക്കിയിട്ടില്ല. ഇതിനാവശ്യമായ അടിസ്ഥാന ഘടന രണ്ടാം വത്തി

www.malankaralibrary.com


ക്കാൻ സുഹനാദോസിന്റെ പ്രമാണ രേഖയിലുണ്ട്. അത്മായന്റെ മാനിഫെസ്റ്റോയാണ് 'സഭ ആധുനിക ലോകത്തിൽ' എന്ന രേഖ. സഭയുടെ എല്ലാ സാമൂഹിക പ്രബോധ നങ്ങളും ഇതിന്റെ വിശദീകരണങ്ങളാണ്. രാഷ്ട്രീയ, സാംസ്ക്കാരിക, സാമൂഹിക മണ്ഡലങ്ങളെ രൂപാന്തരപ്പെടുത്തുക എന്നതാണ് സുവിശേഷവൽക്കരണത്തിന്റെ സാമൂഹികഭാഗം. ലോകത്തിലെയും ഇന്ത്യയിലെയും സമകാലീന രാഷ്ട്രീയ സാമ്പ ത്തിക സാഹചര്യത്തിൽ ഒരു ക്രൈസ്തവനെന്ന നിലയിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതാണ് സാമൂഹിക സുവിശേഷ പ്രഘോഷണം. അതിനുപകരം യേശു വിലുള്ള വിശ്വാസം കൂടുംതോറും പള്ളികമ്മിറ്റികളിലെ ആൾബലം കൂടുന്നത് രോഗ ലക്ഷണമാണ്. അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരോട് ലോകത്തെ രൂപാന്തരപ്പെടുത്താൻ 'ഇടവകയെ ഉപേക്ഷിക്കുക" എന്നുപറയാനുള്ള ധൈര്യം വൈദികർക്കുണ്ടാകണം. പക്വതയുള്ള പിതാവ് മക്കൾ വീട്ടിൽ നിന്നിറങ്ങാതെ വീട്ടിൽതന്നെ ജീവിക്കുമ്പോൾ അത് രോഗമാണെന്ന് തിരിച്ചറിയും. ഈ വിവേകം സഭാ അധികാരികൾക്കുണ്ടാക ണം.

1. രൂപതകളുടെ വാർഷിക ബഡ്ജറ്റിൽ ഒരു നിശ്ചിത തുക യുവജനക്ഷേമത്തി നായി മാറ്റിവെയ്ക്കുക.
2. വ്യത്യസ്ഥ രൂപതകളിലേയും സന്യാസസഭകളിലേയും വൈദീകരും, അനേക വർഷം യുവജനപ്രേഷിതത്വത്തിൽ പ്രവർത്തിച്ച ആത്മായരേയും ഒരുമിച്ച് ചേർത്ത് ഒരു പരിശീലന സംഘം രൂപീകരിക്കുക (കെട്ടിടമല്ല).
3. എന്ത് സാമൂഹിക ലക്ഷ്യമാണ് സഭയ്ക്കുള്ളതെന്ന് (കഴിഞ്ഞ 125 വർഷമായി സഭ വികസിപ്പിച്ച സാമൂഹിക പ്രബോധനങ്ങൾ) ഈ പരിശീലന സംഘം തന്നെ ആദ്യം സ്വായത്തമാക്കുക.
4. AICUF എന്ന സംഘടനയുടെ പ്രവർത്തനരീതി പുനരുദ്ധരിച്ച് കലാലയങ്ങളിൽ സഭയുടെ സാമൂഹിക സുവിശേഷ പ്രഘോഷണത്തിനുള്ള സാഹചര്യം സൃഷ്ടി ക്കുക
5. ഇന്ത്യയിലെ സമകാലീന രാഷ്ട്രയ സാമ്പത്തിക സാഹചര്യങ്ങളിൽ പ്രതികര ണശേഷിയുള്ളവരാകാൻ അവരെ പരിശീലിപ്പിക്കുക.
6. നിലവിലുള്ള സംഘടനാംഗങ്ങൾക്ക് ഇത്തരമൊരു ലക്ഷ്യത്തെ ബോധ്യപ്പെടു ത്തുക.